# പതിനാലാം കേരള നിയമസഭ
# (പതിനൊന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1570** **07.06.2018-ൽ മറുപടിയ്ക്ക്**

**<u>മാവേലിക്കര മണ്ഡലത്തിൽ ഫിഷ് മാർക്കറ്റുകൾ</u>**

| <u>ചോദ്യം</u><br>ശ്രീ.ആർ. രാജേഷ് | <u>മറുപടി</u><br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) മാവേലിക്കര മണ്ഡലത്തിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഫിഷ് മാർക്കറ്റുകൾ സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | എ) മാവേലിക്കര മണ്ഡലത്തിലെ പാലമേലിൽ ആദിക്കാട്ടുകുളങ്ങര, ഒരു ആധുനിക മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്നതിനായി 174.61 ലക്ഷം രൂപയുടെ പദ്ധതി (90% ധനസഹായം നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെയും 10% സംസ്ഥാന സർക്കാരിന്റെയും) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സമർപ്പിക്കുകയും ആയതിന് ഭരണാനുമതി നൽകുകയും ചെയ്തു. ടി പ്രവൃത്തി 95% പൂർത്തീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ മാങ്കാംകുഴി മത്സ്യമാർക്കറ്റ്,<br><br>പുതിയകാവ് മത്സ്യമാർക്കറ്റ്, താമരക്കുളം മത്സ്യമാർക്കറ്റ് എന്നിവയുടെ നവീകരണത്തിന് യഥാക്രമം 282.31 ലക്ഷം രൂപ, 300.00 ലക്ഷം രൂപ, 280.00 ലക്ഷം രൂപയുടെ പദ്ധതി കൺസപ്റ്റ് റിപ്പോർട്ട് കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകാരം നേടുന്നതിനായി തയ്യാറാക്കി വരുന്നു. |
| ബി) ആദിക്കാട്ടുകുളങ്ങര ഫിഷ് മാർക്കറ്റ് എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | ബി) മാവേലിക്കര മണ്ഡലത്തിലെ പാലമേലിൽ ആദിക്കാട്ടുകുളങ്ങര മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്ന പ്രവൃത്തിയുടെ കരാർ പ്രകാരമുള്ള സിവിൽ പ്രവൃത്തികൾ ഇതിനോടകം പൂർത്തീകരിച്ചു. നിലവിൽ |

ഭരണാനുമതി പ്രകാരമുള്ള എഫ്ളുവെന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് കൂടി സ്ഥാപിക്കേണ്ടതുണ്ട്. കൂടാതെ മാർക്കറ്റ് പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കുന്നതിന് യാർഡ് കോൺക്രീറ്റിംഗ് തുടങ്ങിയ അധിക പ്രവ്യത്തികൾ കൂടി നടപ്പിലാക്കേണ്ടതുണ്ട്. പ്രസ്തുത പ്രവ്യത്തികൾ ജൂലൈ അവസാനത്തോടുകൂടി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ആഫീസർ